**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1994** | **13.06.2019-ൽ മറുപടിക്ക്** |
|---|---|

**രോഗികൾക്കായി ഗാനമേളകൾ വഴിയുള്ള പണപ്പിരിവ്**

| **ചോദ്യം**<br>**ശ്രീ. ബി.സത്യൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പാതയോരങ്ങളിൽ പാർക്ക് ചെയത വാഹനങ്ങളിൽ നിർധന രോഗികളുടെ ചിത്രവും പേരും മേൽവിലാസവും രേഖപ്പെടുത്തി, സഹായിക്കാൻ എന്ന പ്രചരണത്തോടെ ഗാനമേളകൾ നടത്തി പണം പിരിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പണപ്പിരിവിന്റെ മറവിൽ എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. ഇടുക്കി ജില്ലയിലെ വണ്ടൻമേട് പോലീസ് സ്റ്റേഷനിലും പത്തനംതിട്ട പോലീസ് സ്റ്റേഷനിലും ഓരോ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രണ്ട് കേസുകളിലും രോഗിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ സമ്മതപത്രമോ അനുവാദമോ വാങ്ങിയിട്ടില്ല എന്ന് വെളിവായിട്ടുണ്ട്. ഗാനമേള തുടങ്ങിയ കലാ പരിപാടികൾ അവതരിപ്പിച്ച് രോഗികൾക്ക് പണം പിരിക്കുന്നതിനുവേണ്ടി ഉച്ചഭാഷിണിയുടെ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ, പോലീസ് രോഗികളുടേയും പരിപാടി നടത്തുന്നവരുടെയും വസ്തുതകളും വിശദാംശങ്ങളും അന്വേഷിച്ചതിനു ശേഷം മാത്രമേ അനുമതിപത്രം നൽകാറുള്ളു. |
| (സി) | ഇത്തരം പണപ്പിരിവിന് ഏതെങ്കിലും തരത്തിലുള്ള അനുവാദമോ സമ്മതപത്രമോ രോഗിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ വാങ്ങുന്നതായി അറിയാമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ